താരിഫ് സംബന്ധിച്ച് ഇളവ് കെ.എസ്.ഇ.ബി. അനുവദിക്കാത്തതാണ് കുടിശ്ശികയ്ക്ക് കാരണമെന്ന് കാണിച്ചാണ് ഹൈക്കോടതിയിൽ മാനേജ്മെന്റ് കേസ് ഫയൽ ചെയ്തിട്ടുള്ളത്. 1994-95 മുതൽ 2004-05 വരെയുള്ള സെയിൽസ് ടാക്സ് നിർണ്ണയം പൂർത്തിയായത് കമ്പനി അടഞ്ഞുകിടന്ന കാലത്താണെന്നും അതിനാലാണ് കുടിശ്ശിക ഉണ്ടായതെന്നും മാനേജ്മെന്റ് അറിയിച്ചിട്ടുണ്ട്.

(സി) ഫർണസിന്റെ കാലാവധിയും കാലപഴക്കവും സംബന്ധിച്ച വിവരം ലഭ്യമല്ല.

(ഡി) കമ്പനി ലോക്ക് ഔട്ട് ആയ സമയത്ത് പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ആനുകൂല്യം നൽകുന്ന കാര്യം കമ്പനി തുറന്നു പ്രവർത്തിക്കുന്ന സമയത്ത് പരിഗണിക്കുന്നതാണെന്ന് മാനേജ്മെന്റ് അറിയിച്ചിട്ടുണ്ട്.

(ഇ) ഉഭയ കക്ഷി ചർച്ചയിലൂടെ പ്രശ്നം പരിഹരിക്കാൻ സർക്കാർ തലത്തിൽ ശ്രമം നടന്നു വരികയാണ്.

പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ

***86(233)** ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ പൊതുമേഖലാസ്ഥാപനങ്ങൾ ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(ബി) അതിൽ എത്രയെണ്ണം ഇതിനകം ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ 10 പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) SIFL Machining Unit-ന്റെയും, Uduma Hi tech Spinning Mill -ന്റെയും, United Electrical Industries Ltd-ന്റെ LCD Meter Unit-ന്റെയും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള താഴെ പറയുന്ന 7 യൂണിറ്റുകൾ ഈ മാസം തന്നെ താഴെ പറയുന്ന തീയതികളിൽ ആരംഭിക്കുന്നതാണ്.

Sl no	company	Name of Unit/ Project	Scheduled dates for inauguration
(1)	(2)	(3)	(4)
1.	Kerala State Textile Corporation Ltd.	Komalapuram Spinning and Weaving Mills, Alappuzha	15-2-2011

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
2.	Kerala State Textile Corporation Ltd	Hi Tech Weaving Factory Kannur	27-2-2011
3	SIDCO	Tool Room cum Training Centre Kozhikode-Kerala	20-2-2011
4	TRACO	House Wiring cable Unit, Kannur	19-2-2011
5.	KELTRON	Machining Unit Kuttipuram	18-2-2011
6	KSBC	Hi-Tech Bamboo Tile Factory Kozhikode	27-2-2011
7	KSIE	Container Freight Station, Eranakulam	25-2-2011

മണ്ഡലത്തിൽ ഒരു വ്യവസായം

197(904) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ വ്യവസായശാലകൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ :

(ബി) മണ്ഡലത്തിൽ 'ഒരു വ്യവസായം' എന്ന സർക്കാരിന്റെ നയ പ്രകാരം എത്ര മണ്ഡലങ്ങളിൽ പദ്ധതി നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ :

(സി) വടകര മണ്ഡലത്തിൽ ഏതെങ്കിലും തരത്തിലുള്ള പുതിയ വ്യവസായപദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം SSI രജിസ്ട്രേഷനുള്ള 31293 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. മുഖേന 41 പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2010-2011 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 10 പുതിയ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കിൻഫ്രയുടെ വിവിധ പാർക്കുകളിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സഹകാര്യ മേഖലയിൽ 223-ഉം കേന്ദ്ര പൊതുമേഖലയിൽ 3-ഉം സംരംഭങ്ങൾക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly